# പുണ്യാശ്രമത്തിൽ

പണ്ടു നീലത്തുളസികൾ പൂക്കും
കുന്നിലിന്ദ്ര ധനുസുമായ് നില്പൂ

സന്ധ്യ, നിൻ സന്നിധാനത്താലെന്നും
ധന്യമായൊരീത്താഴ്‌വര നോക്കി.



പൂവിതളുകൾ മൂടിപ്പുതച്ചു
നീയുറങ്ങുമീക്കുന്നിൻ മുകളിൽ

നിൻെറ പുണ്യാശ്രമത്തിനു മുമ്പിൽ
വന്നിരുന്നു ഞാനിന്നലെ വീണ്ടും.

പണ്ടു ഞാനീ മണലിലിരുന്നു
നിന്നപദാനഗാഥകൾ കേട്ടു.

പണ്ടുനീ പൂത്തമാവിൻ ചുവട്ടിൽ
വന്നു ഗാന്ധിയെക്കണ്ടു ഞാൻ കേട്ടു.

ഓർത്തുപോകുന്നു: മുമ്പോട്ടു കാലം
പോയിടാതവർ കോട്ടകൾ കെട്ടി.

ഓർത്തുപോകുന്നു: മാറ്റുവാൻ വൈകി–
പ്പോയ കാലഘട്ടങ്ങൾ തൻ ചട്ടം.

തട്ടി ദൂരെ നിരത്തിനീ മുന്നിൽ
കണ്ട കൂരിരുൾക്കോട്ടകളെല്ലാം.

കൈവിലങ്ങുകൾ പൊട്ടിച്ചെറിഞ്ഞു
കൈകളിൽ വീണ്ടുതന്നഭിമാനം.

ഊന്നിനില്ക്കുന്ന കാലിന്നടിയിൽ–
പ്പോലുമസ്വാസ്ഥ്യമാർത്തിരമ്പുമ്പോൾ

എന്റെ നാട്ടിൻ ചരിത്രം തിരുത്തി
നിന്റെ ധീരമധുരമാം ശബ്ദം.

സ്വർണ്ണചക്രരഥങ്ങളിൽ നിന്റെ
വിഗ്രഹങ്ങളണിയിച്ചൊരുക്കെ

വെൺമണൽപ്പാതവക്കിൽ ഞാനേകൻ
അന്യനെപ്പോലെ നോക്കി നില്ക്കുന്നു.

കൊച്ചു കൈത്തിരി വെട്ടമില്ലാതെ
അന്ധകാരത്തിൽ ഞാനലയുന്നു

എൻമിഴികൾ തിരയുന്നു വ്യർത്ഥം
നിൻപദമുദ്ര മാത്രമീ മണ്ണിൽ.■

**1976**